# തേജസ്വി



ലിറ്റിൽ കൈറ്റ്സ് : 21024

വർഷം : 2019

എൽ.എം.എച്ച്.എസ്.എസ്

മംഗലംഡാം

LOURDE MATHA HIGHER SECONDARY SCHOOL

LOVE FRATERNITY

LOURDE MATHA H.S.S
MANGALAMDAM

MANGALAMDAM

little KITEs


ലൂർദ്ദ് മാതാവേ,
ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കണമെ...

# താളുകളിലൂടെ....


| | |
|---|---|
| സന്ദേശം | 6 |
| എഡിറ്റോറിയൽ ബോർഡ് | 7 |
| എഡിറ്റോറിയൽ | 8 |
| കുസൃതി മഴ | 9 |
| അനുസരണക്കേട് | 11 |
| മാലിന്യസംസ്കാരം നിത്യജീവിതത്തിൽ | 12 |
| ദേശസ്നേഹം | 16 |
| മഹത് വചനങ്ങൾ | 18 |
| കാത്തിരിപ്പ് | 20 |
| രക്തദാനം ജീവദാനം | 22 |
| പകലോൻ | 24 |
| പഴഞ്ചൊല്ലുകൾ | 25 |
| വലിച്ചെറിയപ്പെട്ട ജീവിതം | 26 |
| ഭൂമി | 28 |
| ഏകാന്ത തീരങ്ങളിൽ | 29 |
| കടങ്കഥ | 31 |
| ഭൂമിതൻ തേങ്ങൽ | 33 |
| സൗഹൃദം | 34 |
| എന്റെ കേരളം | 35 |
| ഞാൻ കണ്ട മേഘം | 37 |

| | |
|---|---|
| അഭിനന്ദനങ്ങൾ | 38 |
| ഓണചൊല്ലുകൾ | 39 |
| ഉദ്ധരണികൾ | 40 |
| എന്റെ മരം | 41 |
| മഴയെ ഓർക്കുന്നില്ലേ | 42 |
| പ്രാദുർഭവിക്കുന്ന പ്രകൃതി | 43 |
| ഓണത്തിന്റെ നിഘണ്ടു | 44 |

# സന്ദേശം



നിത്യജീവിതത്തിൽ വിവരവിനിമയ സാങ്കേതിക വിദ്യ വിപുലവും

വിസ്മയകരവുമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന എന്നത് ഏറെ

സന്തോഷകരമാണ്. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി

"തേജസ്വി"എന്ന ഡിജിറ്റൽ മാഗസ്സിനിലൂടെ വിദ്യാലയം കൂടുതൽ ഉയർച്ചയിലേക്ക്

എത്തട്ടെ എന്നും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൂടുതൽ കാര്യക്ഷമമാകട്ടെ

എന്നും ആശംസിക്കുന്നു.

-ഹെഡ്മിസ്ട്രസ്.

# എഡിറ്റോറിയൽ ബോർഡ്

ടീച്ചേഴ്സ് :സി.മരിയ റോസ്

റോസ് .വി .ജെ

ചീഫ് എഡിറ്റർ :ഫെമിൻ ഷിബു



സബ് എഡിറ്റർ : ഫെമിൻ ഷിബു

ടെൽന തോമസ്

അനു .കെ.ജെ

ക്രിസ്റ്റാ ജോസ്

അജ്മൽ പി.എസ്

ബേസിൽ ജോർജ്

കാർത്തിക് .കെ

ആദിത്യൻ

ഡിസൈൻ& ലേഔട്ട്:അജ്മൽ.പി.എസ്

ബേസിൽ ജോർജ്

കാർത്തിക്.കെ

ആദിത്യൻ

# എഡിറ്റോറിയൽ

**പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ കുട്ടികൾക്കായി ഒരു ഐ.ടി. ക്ലബ്ബ് തുടങ്ങിയിട്ടുണ്ട്.ഹൈടെക് ക്ലാസ് മുറികളുടെ സംരക്ഷണച്ചുമതല ഈ കൊച്ചുകൂട്ടുകാർക്കാണ്.കുട്ടികളിൽ വിവരസാങ്കേതിക വിദ്യയിൽ താൽപര്യവും പ്രാവീണ്യവും വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ പ്രധാനലക്ഷ്യം.ലൂർദ്ദ് മാതാ ഹയർസെക്കന്ററി വിദ്യാലയത്തിലെ രണ്ടാം ബാച്ചിലെ കുട്ടികളുടെ നേതൃത്വത്തിൽ ഈ മാഗസിൻ തയ്യാറാക്കുവാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റിന്റെ അദ്ധ്യപകരായ സി.മരിയ റോസ്,റോസ് ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു "*തേജസ്വി* " എന്ന പേരിൽ ഇവിടെ പ്രകാശനം ചെയ്യപ്പെടുകയാണ്.ഇതിനു സഹകരിച്ച എല്ലാ നല്ല മനസ്സുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചുകൊണ്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.**

**എഡിറ്റർ**

# കുസൃതി മഴ

വരണ്ടുണങ്ങിയ മണ്ണിൽ  പുണ്യാഹമായ്
മഴ,വേനൽ മഴ.
വാടി തളർന്ന ചെടികൾക്ക് ഒരു ചെറു തലോടലായ്
മഴ, വേനൽ മഴ.

വറ്റിവരണ്ട കുളങ്ങളിൽ തെളിനീർ നിരക്കും
മഴ,കാലവർഷ മഴ.
പള്ളിക്കൂടത്തിൽ പടി വാതിൽ കടക്കും
കുരുന്നുകൾ തൻ കുടകളിൽ ചിന്നിത്തെറിക്കും
മഴ,കുസൃതി മഴ.

ഉരുൾ പൊട്ടലായ്, വെള്ളപ്പൊക്കമായ്
മണ്ണിടിച്ചിലായ്,കൃഷി നാശമായ്
മഴ,കണ്ണീർ മഴ....

സാന്ദ്ര.എസ്





പ്രധാനാഅധ്യാപികയ്ക്കും കൈറ്റ് മിസ്ട്രസുമാർക്കുമൊപ്പം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ................

# അനുസരണക്കേട്

പുത്തൻ കുളത്തിൽ തവളകളുടെ ഒരു കുടുംബം പാർത്തിരുന്നു. കൂട്ടത്തിൽ രണ്ട് കുഞ്ഞു തവളകളും. അവ വലിയ കുസൃതികളായിരുന്നു. എന്നും അന്യോന്യം വഴക്കുണ്ടാക്കും. മറ്റു ചെറുജീവികളെ ഉപദ്രവിക്കും. മുത്തച്ഛൻ തവള അവയെ എപ്പോഴും ഉപദേശിക്കും. അപ്പോൾ അവ മുത്തച്ഛനെ കളിയാക്കി ചിരിക്കും.

ഒരു ദിവസം തവളകുട്ടന്മാർ തമ്മിലുള്ള തർക്കം മൂത്ത് മൂത്ത് വലിയവഴക്കായി. വഴക്ക് മുറുകിയപ്പോൾ മുത്തച്ഛൻ തവള ഉപദേശിച്ചു.

"കുഞ്ഞുങ്ങളെ വഴക്കുണ്ടാക്കരുത് വഴക്ക് നാശത്തിലേ കലാശിക്കൂ."

"മുത്തച്ഛന്റെ ഉപദേശമൊന്നും ഞങ്ങൾക്കാവശ്യമില്ല".അവർ പറഞ്ഞു. തവളകുട്ടന്മാർ കരയ്ക്കു കയറി അടി തുടങ്ങി. വിശന്നു വലഞ്ഞ് ഒരു പരുന്ത് ഇതെല്ലാം കണ്ടുകൊണ്ട് കുളക്കരയിൽ ഇരിക്കുന്നുണ്ടായിരുന്നു. തങ്ങളെ റാഞ്ചാൻ തക്കം പാർത്തിരുന്ന പരുന്തിനെ ശ്രദ്ധിക്കാൻ വഴക്കുകൂടുന്ന തവളക്കുഞ്ഞുങ്ങൾക്കു കഴിഞ്ഞില്ല.പരുന്ത് അവയെ റാഞ്ചിക്കൊണ്ടു പോയി.

ടെൽന തോമസ്



# മാലിന്യസംസ്കാരം നിത്യജീവിതത്തിൽ

ഇന്ന് കേരളം നേരിടുന്ന ഒരു മുഖ്യപ്രശ്നമാണ് കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ. പൊതുസ്ഥലങ്ങളിൽ കുന്നുകൂടിക്കിടക്കുന്ന മാലിന്യങ്ങൾ ഒരു വലിയ പ്രതിസന്ധിയാണ്. മാലിന്യസംസ്കരണം നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. അഴുകികിടക്കുന്ന ചപ്പുചവറുകൾ നമ്മുടെ ആരോഗ്യത്തിന് ദോഷകരമാണ്. മാലിന്യങ്ങളിൽ നിന്നും വരുന്ന ദുർഗന്ധങ്ങൾ നമുക്ക് വലിയൊരു വെല്ലുവിളിയാണ് മാലിന്യങ്ങൾ സംസ്കരിക്കാനായി നമ്മൾ ഓരോരുത്തരും മുന്നിട്ടിറങ്ങുക തന്നെ വേണം. റോഡരികുകളിലും പൊതുസ്ഥലങ്ങളിലും പൊതുസ്ഥാപനങ്ങളുടെയും മുന്നിൽ കിടക്കുന്ന ചപ്പുചവറുകൾ ഒരു വലിയ പ്രശ്നമാണ്. ഫാക്ടറികളിൽ നിന്നു തള്ളുന്ന മാലിന്യങ്ങൾ നമ്മുടെ നാട്ടിലെ വളക്കൂറുള്ള മണ്ണിൽ അഴുകാതെ മണ്ണിന്റെ ഗുണമേന്മയേയും നശിപ്പിക്കുന്നു. ഫാക്ടറി മാലിന്യങ്ങൾ നമ്മുക്ക് ഒരു വലിയ വെല്ലുവിളിയാണ്. കുന്നുകൂടികിടക്കുന്ന മാലിന്യങ്ങളിൽ നിന്നും ഉണ്ടാകുന്ന കൊതുകുകളും പ്രാണികളും നമ്മുടെ ഭക്ഷണപദാർത്ഥങ്ങളിലടക്കം വന്നിരുന്ന് നമ്മുടെ ആരോഗ്യത്തിന് ദോഷങ്ങൾ വരുത്തുന്നു. മാലിന്യങ്ങളിലൂടെ ധാരാളമായി പെരുകുന്ന തൊതുകുകളും പ്രാണികളും മൂലമുണ്ടാകുന്ന രോഗങ്ങൾ നിത്യേന വർധിച്ചുവരുന്നു. ഇതിനെല്ലാം മുൻകരുതലായി നാം മാലിന്യങ്ങൾ സംസ്കരിക്കണം എന്ന പ്രതിജ്ഞയെടുക്കണം.

വലിയ വലിയ ഫാക്ടറികളിൽ നിന്നും ഗോഡൗണിൽ നിന്നും ഉയരുന്ന പുകയും പുറന്തള്ളുന്ന മാലിന്യങ്ങളും നമ്മുടെ സമൂഹത്തെ വൃത്തിഹീനതയിലേക്കും രോഗങ്ങളിലേക്കും താഴ്ത്തുന്നു. അമിതമായ പ്ലസ്റ്റിക് ഉപയോഗമാണ് നമ്മൾ നേരിടുന്ന വലിയ പ്രതിസന്ധി . പ്ലാസ്റ്റിക്കിന്െ്റ അമിതമായ ഉപയോഗം കുറയ്ക്കുന്നതുവഴി ഒരു പരിധിവരെ മാലിന്യങ്ങളുടെ ഉപയോഗം നമ്മുക്ക് തടയാം.പ്ലാസ്റ്റിക്ക് കവറുകൾക്കു പകരം തുണിസഞ്ചികൾ നമുക്ക് പ്രയോജനപ്പെടുത്താം.

വാഹനങ്ങളിൽനിന്നും തള്ളുന്ന പുകയും മാലിന്യവസ്തുക്കളും നമ്മുടെ അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും കാർബൺഡയോക്സൈഡിന്റെ

അളവ് കൂട്ടുകയും ചെയ്യുന്നു. ഇതു വഴി നമ്മുടെ അന്തരീക്ഷത്തിലെ ഓസോൺ പാളികൾക്ക് വിള്ളലേൽക്കുകയും ചെയ്യുന്നു. വാഹനങ്ങളിൽ നിന്നുംതള്ളുന്ന മാലിന്യങ്ങൾ പുഴകളിലും നദികളിലുംഒഴുക്കുന്നതും നമ്മുടെ ജല-സ്രോതസ്സുകളും വൃത്തിഹീനമാക്കുതും മനുഷ്യൻ പ്രകൃതിെ നശിപ്പിക്കുന്നതിന്റെ ഭാഗമാണ്. വിറകുകൾ കത്തിക്കുന്നതുവഴിഅന്തരീക്ഷത്തിൽ കാർബൺഡയോക്സയിഡിന്റെ അളവുകൾ കൂടുകയും ചെയ്യുന്നു.വാഹനങ്ങളുടെ വർധനവും അതിൽ നിന്നും തള്ളുന്ന പുകയും അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവ് കുറയുവാൻ കാരണമാകുന്നു.കന്നുകാലികളെ നദികളിലും പുഴകളിലും കുളിപ്പിക്കുന്നതുവഴിപ്രകൃതിയിലെ ജലസ്രാതസ്സുകളെ മലിനമാക്കുന്നു.മനുഷ്യന്റെ ചൂഷണം മൂലം പ്രകൃതി ചെറുതായികൊണ്ടിരിക്കുന്നു.അമിതമായ പ്ലാസ്റ്റിക്ക് ഉപയോഗവുംമാലിന്യങ്ങൾപുറന്തള്ളുന്നതുംവഴിപ്രകൃതിചെറുതായികൊണ്ടിരിക്കുന്നു

നമ്മുടെ വീട്ടിലുള്ള വസ്തുക്കൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് മാലിന്യങ്ങളുടെ വർധനവിന് കാരണമാകുന്നു.

വീട്ടിലുള്ള പച്ചക്കറിവേയ്സ്റ്റുകൾ തുടങ്ങിയവ നമ്മുക്ക് തരംതിരിച്ച് ഡിസ്പോസ് ചെയ്യാവുന്നതാണ്.അവനവന്റെ തൊടിയിലെ മാലിന്യങ്ങൾ സ്വന്തം പറമ്പിൽ കുഴിച്ചിടാനും അത് ജൈവവളങ്ങളാക്കി ഉപയോഗിക്കാൻ നാം ശ്രമിക്കണം.



സ്വന്തം വീട്ടിൽനിന്നു തന്നെ ലഭിക്കുന്ന പച്ചക്കറിവേയ്സ്റ്റ്,ചായപൊടി വേയ്സ്റ്റ് തുടങ്ങിയവ പൈപ്പ് കംപോസ്റ്റ് വഴി ഡിസ്പോസ് ചെയ്യാനും അവ ജൈവ വളങ്ങളാക്കി ഉപയോഗിക്കാനും നമുക്ക് ശ്രമിക്കാം.മണ്ണിൽ ലയിക്കുന്ന പച്ചക്കറി തുടങ്ങിയ വേയ്സ്റ്റുകൾ ജൈവവളങ്ങളാക്

നമുക്ക് ഉപയോഗിക്കാം.ആ വേയ്സ്റ്റുകൾ ഉപയോഗിച്ച് ചെടികൾ വളരുവാനും സാധിക്കും. രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിക്കുന്നതുവഴി മണ്ണിൻെ ഘടനയ്ക്ക് മാറ്റങ്ങൾ

വരുന്നു. അതുവഴി മണ്ണിൻെ ഗുണമേന്മയും വളക്കൂറും കുറയാൻ കാരണമാകുന്നു. നമ്മുടെ വീട്ടിൽ നിന്നും ലഭിക്കുന്ന വേസ്റ്റുകൾ ചെടികൾക്ക് ഉപയോഗിക്കുന്നതിലൂടെ ചെടികൾക്ക് നന്നായി വളരാനും നല്ലഗുണമേന്മ ലഭിക്കാനും മണ്ണിൻെറ ജൈവഘടന കൂടാനും കൂടാതെ നമ്മുടെ ചെല കുറക്കാനും കാരണമാവുന്നു .ഇനി അടുത്തമാർഗ്ഗം പ്ലാസ്റ്റിക്ക് പോലുള്ള മണ്ണിൽ ലയിക്കാത്ത വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക എന്നുള്ളതാണ്. പ്ലാസ്റ്റിക്ക് മണ്ണിൽ കിടന്ന് അഴുകി അതുവഴി മണ്ണിൻെ സ്വഭാവത്തിന് മാറ്റങ്ങൾ വരുകയും പ്രകൃതിക്ക് ദോഷകരമാക്കുന്നതുമാണ്. പ്ലാസ്റ്റിക്ക് കവറകൾക്ക് പകരം തുണി സഞ്ചയും പ്ലസ്റ്റിക്ക് പേനകൾക്ക് പകരം പേപ്പർ പേനകളും പ്ലസ്റ്റി കുപ്പികൾക്കു പകരം സ്റ്റീൽ കുപ്പികളും ഉപയോഗിക്കുന്നതാണ് സമൂഹത്തിന് ഒരു പരിധിവരെയു മാലിന്യങ്ങൾ തടയാൻ സാധിക്കും. പിന്നെ ഇന്ന് കേരളത്തിൽ കാണുന്ന നദികളുടേയും പുഴകളുടേയും എണ്ണം കുറഞ്ഞുവരുകയാണ്. അതിനു കാരണം അമിതമായ പുഴകളിൽ നിന്നുള്ള മണ്ണുവാരലും ഫാക്റ്ററികളിൽ നിന്നും വലിയ വലിയ കെട്ടിടങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ ഒഴുകുന്നതുമാണ്. നദിയിലേക്ക് വലിച്ചെരിയുന്ന മാലിന്യങ്ങൾ നാം നിയന്ത്രിക്കുക അവ ഏതെങ്കിലും രീതിയിൽ ഡിസ്പോസ് ചെയ്യുന്നതാവുവഴിയും നമുക്ക് മാലിന്യങ്ങളുടെ അളവ് നിയന്ത്രിക്കാൻ സാധിക്കും.ഇതു കൂടാതെ ഇന്ന് കണ്ടുവരുന്ന മറ്റൊരു രീതിയാണ് പൊതുസ്ഥലങ്ങളിൽ തുപ്പുന്നതും മലമൂത്രവിസർജനം നടത്തുന്നതുമെല്ലാം.ഇവയെല്ലാം കുറക്കുന്നതുവഴി നമുക്ക് കേരളത്തെ മാലിന്യമെന്ന ആവരണത്തിൽന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളു.

ഇതിൽ നിന്നെല്ലാം നമുക്ക് രക്ഷപ്പെടണം എന്നുണ്ടെങ്കിൽ നമ്മൾ മനുഷ്യർ തന്നെ ഒറ്റകെട്ടായി നിൽക്കണം. ഇതിനുവേണ്ടി സർക്കാർ തന്നെ മുൻകൈയെടുക്കണം. ഇതിനുവേണ്ടി സർക്കാർ തന്നെ ഓരോ നാട്ടിലേയും ജനങ്ങൾക്ക് ബോധവത്കരണക്ലാസ്സുകൾ എടുക്കണം.ജനങ്ങളോട് എങ്ങനെ സർക്കാർ ഇടപെടുന്നുവോ അതിനനുസരിച്ചാണ് ആ നാട്ടിലെ അവസ്ഥ.അവനവൻെറ തൊടിയിലെ ചപ്പുചവറുകൾ അവനവൻ തന്നെ എന്ന നിലപാടാണ് ഓരോരിത്തരും സ്വീകരിക്കേണ്ടത്.അതല്ലാതെ സ്വന്തം തൊടിയിലെ വേസ്റ്റുകൾ അയൽപക്കത്തെ വീട്ടിലെക്ക് വലിച്ചെറിയുന്നതു പൊതുസ്ഥലങ്ങിൽ ആരിം കാണാതെ നിക്ഷേപിക്കുന്നതും സമൂഹത്തിൻെറ അവസ്ഥ കൂടുതൽ ശോചനീയമാവുകയേയുള്ളൂ.നാടിനെ മാലിന്യങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും

രക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.നമ്മുടെ നാട്ടിലെ ഓരോ പൗരന്മാരുടെ കടമയാണ് മാലിന്യസംസ്കാരം നിത്യജീവിതത്തിന് ഈ പ്രതിജ്ഞ നമ്മൾ ഓരോരുത്തരും എത്രത്തോളം പാലിക്കുന്നുവോ എന്നതിനനുസരിച്ചാണ് നമ്മുടെ സമൂഹത്തിൻെറ പുരോഗതി.

അനഘ ജോയ്

തേജസ്വി

# ദേശസ്നേഹം

ഇന്ത്യ എന്ന ഒരു അമ്മപെറ്റ മക്കളാണ് നമ്മൾ , മക്കളാണ് നമ്മൾ
സ്നേഹിക്കുക നിന്റെ അമ്മയെ നീ
സ്നേഹിക്കുക നിന്റെ ദേശത്തെ നീ
നമ്മുടെ ഭാരതാബയേ സ്നേഹിക്കുക നീ
സ്നേഹിക്കുക നീ ,സ്നേഹിക്കുക നീ

ചപ്പുചവറുകൾ വലിച്ചെറിഞ്ഞ്
പച്ചപ്പാർന്ന കാട്ടുകളെ വെട്ടി
നെൽപാടങ്ങൾ നികത്തി
നിങ്ങളുടെ അമ്മയെ കൊല്ലരുതേ,
നിങ്ങളുടെ അമ്മയെ കൊല്ലരുതേ

സ്നേഹിക്കുക നീ  നിന്റെ അമ്മയേ
സ്നേഹിക്കുക നീ  നിന്റെ ദേശത്തെ

ജാതിയുടെയും മതത്തിൻെയും പേരിൽ
അടിപിടി ഉണ്ടാക്കാതെ  ജീവിക്കുക
എന്നാൽ നീ ഒരു ദേശസ്നേഹിയാകും
ഓർക്കുക നീ
ഓർക്കുക നീ ഒരു ദേശസ്നേഹിയാകു

ചപ്പുചവറുകൾ വലിച്ചെറിയാതെ
പച്ചപ്പാർന്ന കാട്ടുകളെ വെട്ടാതെ
നെൽപാടങ്ങൾ നികത്താതെ

നിങ്ങൾ  ഒരു ദേശസ്നേഹിയാകു
ഒരു ദേശസ്നേഹിയാകു

തേജസ്വി

സ്നേഹിക്കുക നീ  ഭാരതാംബയേ

സ്നേഹിക്കുക നീ   അമ്മയേ

സ്നേഹിക്കുക നീ   ദേശത്തെ

സ്നേഹിക്കുക നിന്റെ ഭൂമിയെ

അതാ അവിടെ നിങ്ങൾ കരച്ചിൽ കേൾക്കുന്നില്ലേ

അതാ ഒരു പാവമാം കാട്ടു ഉറക്കെ കരയുന്നു

ഒരു കൂട്ടം മനുഷ്യർ ഞങ്ങളെ വെട്ടി കൊല്ലുന്നു

"കൊല്ലരുതേ മനുഷ്യ ,

ഞങ്ങളെ കൊല്ലരുതേ"

ആ പാവം കാടിനെ മനുഷ്യർ

കൊന്നുകഴിഞ്ഞിരിക്കുന്നു

ചതിയനാം മാനുഷ്യൻ  ആ പാവം കാടിനെ ഞെരിക്കി കൊന്നു

ഓർക്കുക മാനുഷ്യാ നീ ഒരു ദേശസ്നേഹിയാണോ

നീ ഒരു ദേശസ്നേഹിയാണോ


മാനുഷ്യാ നീ സ്നേഹിക്കുക നിന്റെ ഭാരതാംബയെ

സ്നേഹിക്കുക നിന്റെ ദേശത്തെ

സ്നേഹിക്കുക നിന്റെ  അമ്മയെ

സ്നേഹിക്കുക നീ നിന്റെ അമ്മയെ ....


# മഹദ് വചനങ്ങൾ



1."എല്ലാം  മനുഷ്യരുടേയും  സുഖദുഃഖങ്ങൾ എന്റെ സുഖദുഃഖങ്ങളാണ് "

(രാജാറാം  മോഹൻ റോയ്)

2."ലോകമാണ്  എന്റെ കുടുംബം;നന്മ ചെയ്യുക എന്നതാണ് എന്റെ മതം"




(തോമസ്  പെയ്ൻ)

3."പ്രകാശം പരത്താൻ രണ്ടു മാർഗങ്ങളാണുള്ളത്.ഒന്നാമത്തേത് നാം ദീപമായിരിക്കുക.

അല്ലെങ്കിൽ അതു പ്രതിഫലിപ്പിക്കുന്ന  കണ്ണാടിയായിരിക്കുക" എന്നതാണ്.

(സ്വാമി  വിവേകാനന്ദൻ)

4."ക്ഷമയേക്കാൾ വിശാലവും ഉത്കൃഷ്ടവുമായ ഒരനുഗ്രഹം ദൈവത്തിൽ



നിന്ന് ആർക്കും ലഭിക്കില്ല്."

(മുഹമ്മദ് നബി)

5."സൗഭാഗ്യപൂർണ്ണമായ കുടുംബം ഭൂമിയിലെ സ്വർഗ്ഗമാണ്."

(ബനറിങ്ങ്)

6."ദനവും പദവിയും അധികാരവുമല്ല ഹൃദയശുദ്ധിയാണ്



ആവശ്യം.പരിശുദ്ധഹൃദയം ഉള്ളവർ അനുഗ്രഹീതരാണ്."

(സ്വാമി  വിവേകാനന്ദൻ)

7."പക വെച്ചുകൊണ്ടിരിക്കുമ്പോൾ തന്റെ വ്രണങ്ങളെ ഉണങ്ങാതെ വെച്ചു

കൊണ്ടിരിക്കുകയാണ്."

(ബേക്കൺ)



8."ശരീരത്തിന് വ്യായാമം എങ്ങനെയോ

അതുപോലെയാണ് വായന മനസ്സിന്."

(റിച്ചാർഡ് സ്റ്റീൽ)

9."വായനപോലെ ചെലവു ചുരുക്കിയ മറ്റൊരു വിനോദമില്ല അതിൽ നിന്നുണ്ടാകുന്ന

മറ്റൊരു ആനന്ദവുമില്ല."

(ലേഡി  മോൺ ഡോഗ് )

10."ഉചിതമായ വാക്കു വെള്ളിപാത്രത്തിൽ വച്ച സ്വർണ്ണ ആപ്പിളിനു തുല്യമാണ്."

(ബൈബിൾ)




**ടെൽന തോമസ്**

തേജസ്വി

# കാത്തിരിപ്പ്

നേരം പുലർന്നെന്നു തോന്നുന്നു. നല്ല മഴയുടെ ശബ്ദമുണ്ട്. മുത്തശ്ശി വന്ന് എന്നെ  പലതവണ വിളിച്ചു. പക്ഷെ എനിക്ക് എഴുന്നേൽക്കാൻ തോന്നിയില്ല.  മഴയുടെ കുളിരിൽ പുതപ്പിൻ അടിയിൽ ചുരുണ്ടുകൂടി കിടക്കാൻ നല്ല രസമാണല്ലോ. എങ്കിലും ഞാൻ എഴുന്നേറ്റു. ഉമ്മറകോലായിൽ  പോയി നിന്നു.. മഴ തിമിർത്തു പെയ്യുകയാണ് . മഴ കണ്ടു നിൽക്കാൻ എനിക്ക് വലിയ ഇഷ്ട്ടമാണ് . അങ്ങനെ നിന്നതറിഞ്ഞില്ല അപ്പോഴേക്കും മുത്തശ്ശി ഉമ്മറത്തേക്കു വന്നു. കുട്ട്യേ,എന്താ നീ മിഴിച്ചു നിൽക്കുന്നതു? ഇന്നല്ലേ നിന്റെ അച്ഛനും അമ്മയും വരുന്നത്? അപ്പോഴാണ് ഞാൻ ആക്കാര്യം ഓർത്തതു് ഇന്നാണ് അച്ഛനും അമ്മയും വിദേശത്തുനിന്നു വരുന്നത്. എന്റെ അച്ഛനും അമ്മയും ഞാൻ കുഞ്ഞായിരിക്കുമ്പോഴെ എന്നെ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും അടുത്താക്കി  പോയതാ പണമുണ്ടാക്കാനുള്ള തിരക്കിനിടയിൽ അവർ എന്നെ മറന്നു എങ്കിലും ഓരോ വർഷം കൂടുമ്പോഴും പത്തു ദിവസത്തേക്കു ലീവെടുത്ത് നാട്ടിൽ വരും. മകൾക്ക് സ്നേഹം നൽകാൻ മകളെ സ്നേഹിക്കാൻ അവരുമൊത്തുള്ള ജീവിതത്തിന്റെ സമയമാണ് ആ പത്തു ദിവസങ്ങൾ. പക്ഷെ ഈ വരവിൽ വേറൊരു ഉദ്ദേശ്യം കൂടിയുണ്ട്. എന്നെ ഇവിടുന്നു പറിച്ചു നടുക . അതിനാണീ വരവ്. പക്ഷെഎനിക്കു ഇവിടന്നിന്നു പോകുന്നത് ഒട്ടും ഇഷ്ടമല്ല .എനിക്കീകൊച്ചു വീടും ഇവിടത്തെ മഴയും, കുളിർകാറ്റും, പൊൻവെയിലും ,അരുവിയും ,പൂക്കളും പിന്നെ എന്നെ ജീവനുതുല്യം സ്നേഹിക്കുന്ന മുത്തശ്ശനും മുത്തശ്ശിയുമെല്ലാം മതി. ഈ വീട് അതെ, ഈ വീടാണെന്റെ സ്വർഗ്ഗം.ഈ സ്വർഗ്ഗം വിട്ടു ഞാൻ എങ്ങോട്ടുമില്ല. എനിക്ക് എന്തെന്നില്ലാത്ത ഒരടുപ്പം ഈ വീടിനോടുണ്ട്   അങ്ങനെ ആലോചിച്ചുനിൽക്കുമ്പോഴാണ് മുത്തശ്ശി എനിക്ക്  പല്ലു തേക്കാനുള്ള ഉമ്മിക്കരിയുമായി വന്നത്. അങ്ങനെ പല്ലുതേപ്പും കുളിയുമെല്ലാം കഴിഞ്ഞ് അച്ഛനെയും അമ്മയേയും കാത്തിരുന്നു .വൈകാതെ അവരെത്തി. പെട്ടെന്നു പത്തുദിവസം കടന്നുപോയി. അവസാനം  ആ ദിവസം വന്നെത്തി . ഞാൻ എന്റെ ജീവന്റെജീവനായ ഈ വീടിനേയും മുത്തശ്ശനേയും മുത്തശ്ശിയേയും ഒക്കെ ഉപേക്ഷിച്ച് പോവുന്ന ദിവസം ഞങ്ങൾ സാധനങ്ങൾ എല്ലാം പായ്ക്ക് ചെയ്ത് കാറിൽ കയറി.മുത്തശ്ശിയോടും മുത്തശ്ശനോടും യാത്ര പറഞ്ഞ് കഴിയുമ്പോഴേക്കും കാറ്മെല്ലെ നീങ്ങി തുടങ്ങി .അവസാനമായി ഞാൻ ഒന്നും കൂടെ എന്റെ

തേജസ്വി

കൊച്ചു വീടിനെ തിരിഞ്ഞു നോക്കി.ഒരു നിമിഷം ആ വീട് കരയുകയാണെന്ന് എനിക്കു തോന്നി. അവിടുത്തെ ഓരോ പുൽക്കൊടിയും എന്റെ അടുത്ത വരവിനായി കാത്തിരിക്കും എന്ന് വാക്ക് തരും പോലെ എനിക്കനുഭവപ്പെട്ടു. ചുറ്റിലും നോക്കിയപ്പോൾ ഞാൻ കാറിലല്ല മെത്തയിൽ കിടക്കുകയാണ് .മേപ്പോട്ടു നോക്കിയപ്പോൾ ഫാൻ കറങ്ങുന്നു .പെട്ടെന്നു ഞാൻ ഞെട്ടിപ്പോയി ദൈവമേ!ഞാൻ കണ്ടത് സ്വപ്നമായിരുന്നോ? അപ്പോഴാണ് എനിക്ക് ബോധോദയ മുണ്ടായത്.ഞാനിന്ന് മുംബൈനഗരിയിലെ ഒരു ഫ്ലാറ്റിലാണ് . എന്റെ നല്ല കാലത്തിലെ മറക്കാനാവാത്ത ഓർമകളാണ് .ഇന്നും ആ വീട് എനിക്കായ് കാത്തിരിക്കുന്നുണ്ടാവും മരുഭൂമിയിൽ പെയ്യുന്ന മഴപോലെ .........എന്റെ വരവിനായി.........



തേജസ്വി

# രക്തദാനം ജീവദാനം





രക്തം എന്നത് ജീവൻ രക്ഷിക്കാനുള്ള ഒറ്റമൂലിയാണ്.രക്തദാനം മഹത്തായ ഒരു ദാനം തന്നെയാണ്.രക്തംനൽകുന്നതിലൂടെ ജീവൻ തന്നെയാണ് ദാനമായി നൽകുന്നത്.രക്തം നൽകുന്നതിലൂടെ നാം ചെയ്യുന്ന സാമൂഹികസേവനം ശ്രേഷ്ഠമാണ്. മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ രക്തം ആവശ്യമായി വന്നാലും സ്വന്തം രക്തം നൽകാത്ത എത്രയോ പെരുണ്ട് നമുക്ക് ചുറ്റും. രക്തദാന പ്രക്രിയ ഏറെ വേദന സൃഷ്ടിക്കുകയും മാനസികാഘാതം ഉണ്ടാക്കുകയും ചെയ്യുന്ന ഒന്നാണെന്ന തെറ്റിദ്ധാരണയാണ് ഇതിന് അടിസ്ഥാനം.എന്നാൽ രക്തദാനം വേദന സൃഷ്ടിക്കുന്ന ഒന്നല്ല.

18 വയസ്സുമുതൽ 55 വരെയുള്ള ഏതൊരാൾക്കും, അയാൾക്ക് കാര്യമായ രോഗമൊന്നുമില്ലെങ്കിൽ,രക്തദാനം ചെയ്യാവുന്നതാണ്. രാവിലെ മുതൽ വൈകുന്നേരം വരെ കഠിനമായി ജോലിയെടുക്കുന്നവർക്കും രക്തദാനം പ്രശ്നം സൃഷ്ടിക്കുന്നില്ല.

ആരോഗ്യവാനായ ഒരു വ്യക്തിയുടെ ശരീരത്തിൽ ആരലിറ്റർരക്തം കാണും.ഇതിൽ തൊഴിലെടുക്കുമ്പോഴായാലും അല്ലാത്ത സമയമായാലും ആ വ്യക്തക്ക് മുഴുവൻ സമയപ്രവർത്തനത്തിൽ ഏർപ്പെടാൻ ശരീരത്തിന് അഞ്ചുലിറ്റർ രക്തം മതി.ഏകദേശം ഒന്നരലിറ്റർ രക്തം അധികം സൂക്ഷിക്കുന്ന സ്വഭാവമാണ് ശരീരത്തിനുള്ളത്.ശരീരം തന്നെ ഒരു ബ്ലഡ്ബാങ്കാണ്. ഒരു യൂണിറ്റ് രക്തത്തെ പല ഘടകങ്ങളാക്കിയാണ് നൽകുന്നത്.ശ്വേതകോശങ്ങൾ, അരുണകോശങ്ങൾ,പ്ലേറ്റ്ലറ്റുകൾ,പ്ലാസ്മ,ക്രയോപ്രസിപിറ്റേറ്റ് എന്നിങ്ങനെയാണ് ഘടകങ്ങളാക്കുക.തന്റെ രക്തം ഏതു ഗ്രൂപ്പിൽ എന്നറിയുകയും,ആവശ്യത്തിന്അനുസരിച്ച് രക്ത ദാനം ചെയ്യുകയും ചെയ്യുന്ന ആളിനെയാണ് രക്തസാക്ഷരൻ എന്നു പറയുക.

നമ്മുടെ ജീവനെ മറ്റുള്ളവർക്കു നൽകാൻ

**സാധിക്കുക എന്നത് ഏറ്റവും വലിയ നന്മയാണ്.ആ നന്മ ചെയ്യാൻ നമ്മുക്ക് എല്ലാവർക്കും കൈകോർക്കാം.രക്തദാനം മഹാദാനമാണ്.രക്തദാനം എന്ന സത്കർമം സാമൂഹിക സേവനം തന്നെയാണ്.ഈ സാമൂഹിക സേവനത്തിൽ നമ്മുക്കെല്ലാവർക്കും പങ്കാളികളാകാം.**



# പകലോൻ

**കിഴക്ക് ദിക്കിൽ മലമുക്കിൽ**
**ഉദിച്ചുയർന്നു വരുന്നുണ്ട്**
**പുഞ്ചിരിതൂകി പൊന്നൊളിചിതറി**
**ഉദിച്ചുപൊങ്ങ വരുന്നുണ്ട്**



**വെളിച്ചമേകും പൊൻതളിക**
**ഇരുണ്ടകറ്റിടുന്നു.**
**രാവും പകലും കൊണ്ടുവരും**
**പുലരിപ്പൂവിൻ പേരെന്ത്?**

**പാരിൽ വെളിച്ചമേകാനെന്നും**
**ഉദിച്ച് പൊങ്ങും ചങ്ങാതി**
**പടിഞ്ഞാറെത്തും നേരത്ത്**
**പതിവായ് മുങ്ങും ചങ്ങാതി**

**ടെൽന തോമസ്**

# *പഴഞ്ചൊല്ലുകൾ*

1.അങ്ങാടിയിൽ തോറ്റതിനമ്മയോട്.

2.വീട് മറന്നാലും മൂട് മറക്കരുത്.

3.വെളുക്കാൻ തേച്ചത് പാണ്ടായി.

4.മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.

5.പടിക്കലെ പാറ പൊന്നെങ്കിൽ പാതി തേവർക്ക്.

6.പാപി ചെല്ലുന്നിടം പാതാളം.

7.പുത്തരിയിൽ കല്ല് കടിക്കുക.

8.നേരെ വാ നേരെ പോ.

9.പുലിക്കൂട്ടിൽ തലയിടുക.

10.പാമ്പും ചാകണം കോല് ഒടിയുകയും ചെയ്യരുത്.

11.ഉള്ള കഞ്ഞിയിൽ പാറ്റ വീഴുക.

12.എന്റെ മുല്ലയും പൂക്കും.

13.വടി കൊടുത്ത് അടി വാങ്ങുക.

# വലിചെറിയപ്പെട്ട ജീവിതം തിരിച്ചറിവിലൂടെ

എങ്ങും നിശബ്ദത.തന്റെ തെറ്റ് മനസ്സിലാക്കി അവൾ പശ്ചാതപിച്ചു. തന്നെ സ്നേഹത്തോടും വാത്സല്യത്തോടും നോക്കിയ മാതാപിതാക്കളെ ചതിച്ചതിൽ അവൾ കുറ്റബോധം കൊണ്ട് വീർപ്പുമുട്ടി.

സാധാരണമായ കുടുംബത്തിൽ ജനിച്ച കുട്ടിയായിരുന്നു,വീണ.അധികം സാമ്പത്തികമായി ഒന്നും തന്നെ ഇല്ലായിരുന്നു.അമ്മ ശരീരത്തിന്റെ ഒരു ഭാഗം തളർന്ന് കിടപ്പിലാണ്.അച്ഛൻ കൂലിപണിക്കാരൻ.അദ്ദേഹം കഷ്ടപ്പെട്ടു കൊണ്ടുവരുന്ന കാശുകൊണ്ട് വേണം ഇവരെ രണ്ടു പേരെയും പോറ്റാൻ. പഠനത്തിൽ വളരെ അധികം താൽപര്യമുണ്ടായിരുന്നു അവൾക്ക്.നല്ലരീതിയിൽ തന്നെ പഠിക്കും.മറ്റുള്ളവരെ സ്നേഹത്തോടെ പരിചരിക്കുന്ന ഒരു ഡോക്ടറാകണമെന്നായിരുന്നു അവളുടെ ആഗ്രഹം.അച്ഛൻ അവളെ പഠിപ്പിച്ചു. നല്ലരീതിയിൽ തന്നെ അവൾ മുന്നോട്ടുപോയി.പോയി വരണ്ട സൗകര്യത്തിനുവേണ്ടി അവളെ ഹോസ്റ്റലിൽ താമസിപ്പിച്ചു.അവിടെ ആരെയും തന്നെ പരിചയമുണ്ടായിരുന്നില്ല അവൾക്ക്.അവൾ മുറിയിലേക്ക് ചെന്നു. നാലുപേരുണ്ടായിരുന്നു അവിടെ.റൂമിലേക്ക് ചെന്നതും അവർ അവളെ പരിഹസിച്ചു. പക്ഷെ അവൾ അത് കാര്യമാക്കിയില്ല.നേരം വൈകി സന്ധ്യയായി ക്ലാസ്സ് കഴിഞ്ഞ് ഹോസ്റ്റലിൽ ചെന്നപ്പോൾ അവൾക്ക് മനസ്സിലായി അവിടെയുള്ള പെൺകുട്ടികൾ മയക്കമരുന്നിന്റെ അടിമയാണ്. അവരോടും ഒന്നും സംസാരിക്കാതെ അവൾ ബെഡിലിരുന്നു. അവർ ഓടി വന്ന് അവളുടെ കൈയും കാലും അടക്കിപിടിച്ച് അവളുടെ കൈയിൽ മയക്കമരുന്ന് കുത്തിയിറക്കി. അവൾക്ക് ഓടി രക്ഷപ്പെടാനോ ഒന്നും തന്നെ സാധിച്ചില്ല.ഭയനീയതയുടെ ആഴത്തട്ടിൽ അവൾ മയക്കത്തിലേക്കാണ്ടു.നേരം പുലർന്നു കണ്ണ് തുറന്നപ്പോൾ അവർ ചുറ്റും ഇരിക്കുന്നുണ്ടായിരുന്നു.എങ്ങനെയുണ്ടായിരുന്നു എന്നവർ ചോദിച്ചു.അവൾ ദേഷ്യപ്പെട്ടു, ഇങ്ങനെയൊന്നും ചെയ്യാൻ പാടില്ല ഇതെല്ലാം നഗരത്തിലേക്കുള്ള പ്രവർത്തിയാണ് എന്ന് അവൾ അവരെ ഓർമ്മിപ്പിച്ചു.പക്ഷെ അങ്ങനെ പല തവണ മയക്കമരുന്ന് കുത്തിയിറക്കിയപ്പോൾ അവൾ ആ കൊടും ചതിയുടെ വലയിൽ അകപ്പെട്ടു. അവൾ

തേജസ്വി

തെറ്റിലേക്ക് നീങ്ങാൻ തുടങ്ങി.ആ പെൺ കുട്ടികളോട് കൂട്ടുകൂടാൻ തുടങ്ങി കാരണം, മയക്കുമരുന്നിന്റെ സാന്നിദ്ധ്യം അവൾക്ക് ആവശ്യമായിരുന്നു. അതില്ലാതെ മുന്നോട്ടു പോകാൻ പറ്റാത്ത വിധത്തിൽ അവൾ നീങ്ങിക്കൊണ്ടിരുന്നു.ഒരു ദിവസം ഹോസ്റ്റലിലേക്ക് അച്ഛൻ കാണാൻ വന്നു.ആ വരുന്നതു അച്ഛനാണ് എന്നു പോലും അവൾ മറന്നു പോയി. അദ്ദേഹത്തോട് എന്തിനാണ് ഇവിടെ വന്നത് എന്നും ഇനിയെന്നെ കാണാൻ വരരുതെന്നും അവൾ പറഞ്ഞു. അമ്മയെകുറിച്ച് ഒരു വാക്കു പോലും ചോദിച്ചില്ല.

ആ നിസ്സഹായനായ മനുഷ്യൻ തൻെ ഹൃദയം പൊട്ടി ജീവശവം പോലെ നടന്നു നീങ്ങി.താൻ മകൾക്കുവേണ്ടി കഷ്ടപ്പെട്ടതെല്ലാം അദ്ദേഹം ഓർത്തു.താൻ ഇനി എന്തിനു ജീവിക്കുന്നു എന്നു അദ്ദേഹത്തിന് തോന്നി. പക്ഷെ മുന്നിൽ ഒന്നും അറിയാതെ കിടക്കുന്ന ഭാര്യ.നമ്മുടെ മകൾ നന്നായി പഠിക്കുന്നില്ലേ? എന്ന ചോദ്യത്തിനു അദ്ദേഹം ചെറുതായി തല അനക്കി.

അങ്ങനെ ജീവിതം നാശത്തിലേക്കാണ് എന്നറിയാതെ മയക്കുമരുന്നിന്റെ കൂടെ അവളും അവളുടെ സുഹൃത്തുക്കളും നടന്നുനീങ്ങി.മറ്റുള്ളവരെ ദ്രോഹക്കാവുന്നതിന്റെ പരമാവതി ദ്രോഹിച്ചു. മറ്റുള്ളവരുടെ വേദന നിറഞ്ഞ മനസ്സ് അവർക്ക് ആഴത്തിലുള്ള മുറിവേൽപിച്ചു പകൽ അവസാനിച്ചു രാത്രി കടന്നു വന്നു.അവളുടെ സുഹൃത്തുക്കളെല്ലാം ലീവിന് വീട്ടിൽ പോയിരിക്കുന്നു.മയക്കുമരുന്നു കിട്ടാതെ വന്നപ്പോൾ സുഹൃത്തിൻെ വണ്ടി പോയതും ഒരു വാഹനം വന്ന് ഇടിച്ചു വാഹനത്തിൽ നിന്നും തെറിച്ചുപോയി ഒരു കല്ലിൽ കൊണ്ട് തലയിടിച്ചു. അവൾ ചെയ്ത എന്തോ ഒരു നന്മ കാരണം ആരോ അവളെ ഹോസ്പിറ്റലിൽ എത്തിച്ചു. കുറച്ചു ദിവസത്തിനു ശേഷം അവൾ കണ്ണു തുറന്നു അരികിൽ അച്ഛൻ,അറിയാതെ കണ്ണനീർ ഒഴുകിയിറങ്ങി.ഇനി സംസാരിക്കാനോ എഴുന്നേൽക്കാനോ പറ്റില്ല എന്ന് ഡോക്ടർ പറ ഞ്ഞു.നല്ല ഒരു ജീവിതം നയിക്കേണ്ട പെൺകുട്ടി മയക്കുമരുന്നിന് വേണ്ടി സ്വന്തം ജീവനും ജീവിതവും വലിച്ചെറിഞ്ഞു.ഈ സത്യം അവൾ മനസ്സിലാക്കി. അടക്കാൻ പറ്റാത്ത കുറ്റബോധം അവളുടെ കണ്ണിലൂടെ കണ്ണനീരായി ഒഴുകിയിറങ്ങി.

# ഭൂമി



മണ്ണാണു കൂട്ടരേ ഭൂമി
വിങ്ങുന്ന സ്വർഗ്ഗവും ഭൂമി...
പൂക്കളും പുഞ്ചയും ഭൂമി
ഈ കാണും വർണ്ണവും ഭൂമി...
തോടും പുഴകളും കണ്ടോ?
സ്വരമുണർത്തും പക്ഷിയെ കണ്ടോ?
കൂവുന്ന തേൻതുള്ളി കണ്ടോ?
കാർമുകിൽ മായയെ കണ്ടോ?
ആകാശനീലിമ ദൂരെ
നീലകടലിങ്ങു താഴെ...
മാരിവിൽ തിളങ്ങുന്നു താഴെ
മാമലകാടുമീ താഴെ...
അഞ്ചല്ലോ പാണ്ഡവർ പണ്ടേ...
പഞ്ചഭൂതങ്ങളുമഞ്ചേ...
ചെഞ്ചോര നമ്മളിൽ ഒന്നേ
അമ്മതൻ നമ്മളീ ഭൂവിൽ
നന്നല്ലോ സ്നേഹം പുലർന്നാൽ
വന്ദിക്കാം ലോകത്തെ എന്നും
നമ്മുടെ അമ്മയീ ഭൂമി
ജാതികൾ ഇല്ലില്ല നമ്മിൽ...
ചേരിയുമില്ലില്ല നമ്മിൽ...
ഒന്നാണു കൂട്ടരെ എന്നും
ഒന്നാണു ഭൂമിയും എന്നും...

ഫെമിൻ ഷിബു

# ഏകാന്ത തീരങ്ങളിൽ

മരുഭൂമിയുടെ വിജനതയിൽ അടയാളങ്ങളിൽ,
അപൂർവ്വങ്ങളായ പൊതു ശ്മശാനത്തിൽ ഇന്നും ഞങ്ങൾക്കായി തുടിക്കുന്ന മനസ്സുമായി,സ്പന്ദനങ്ങളുമായി,അശാന്തമായി ഉറങ്ങുന്ന അച്ഛനും അമ്മയും, അവരുടെ അരികിലൊന്നെത്തണം ഒരുപാട് ചോദ്യങ്ങൾ അച്ഛനോട് ചോദിക്കണം.അച്ഛന്റെ സമ്പാദ്യം കൊണ്ടു വളർന്നു വലുതായ ഒരു വീടുണ്ട്.വളർന്നു പന്തലിച്ച പാടവലം ഉണ്ട്.അച്ഛന്റെ വരവിനായി തല ഉയർത്തി കാത്തുനിൽക്കുകയാണിവിടെ എല്ലാവരും.എന്നും അന്വേഷിക്കുമായിരുന്നു അമ്മാമ്മ. 'അവൻ വിളിച്ചോ ഇനി എപ്പോ വരാനാ.വരാന്ന് പറഞ്ഞിട്ട് കൊറേ ആയില്ലെ ഈ വൃശ്ചികമാസവും പിന്നിട്ടു'.അമ്മയുടെ വേവലാതികളും കൂടാൻ തുടങ്ങി.അച്ഛൻ പോയിട്ട് നാളേക്ക് 5 വർഷം ആകുന്നു.ഇവിടുത്തെ കടങ്ങളും തീർന്നു,ഒരു വീടും ആയി. "പറക്കമറ്റാത്ത പൈതങ്ങളെക്കൊണ്ട് നാം എങ്ങനെ ജീവിക്കും എന്ന പരിഭവം സഹിക്കവയ്യാതെ പോയതാ...മതി അവിടെ പോയി കഷ്ടപ്പെട്ടത് ഇനി ഇങ്ങോട്ട് വന്നാലെന്താ?പെൺപിള്ളാർ രണ്ടും വളർന്നു,എനിക്ക് നേരെ വിരൽ ചൂണ്ടാൻ തുടങ്ങി.അച്ഛനില്ലാതെ ഇനി മുൻപോട്ട് പോകാൻ വയ്യാതായി,വയസ്സായി,ഇനി ഇവർ എന്നെ നോക്കുമെന്ന വിശ്വാസവും എനിക്കില്ല" എന്ന് ഇടക്കിടെ പറയുമായിരുന്നു.അമ്മയുടെ പിറുപിറുക്കൽ സഹിക്കവയ്യാതെ ഞാനും എന്തൊക്കെയോ പറയും,അമ്മ അതേ നാണയത്തിൽ തിരിച്ചടിക്കും.

ഇതെല്ലാം അച്ഛനോട് പറയുമെന്ന് അമ്മ ഭീഷണിപെടുത്തുമായിരുന്നു.

ഓ...അതിനെനിക്കെന്താ കൂടിപ്പോയാൽ അച്ഛന്റെ രണ്ട് ചീത്ത കിട്ടും,

അച്ഛൻ എല്ലത്തിനും കൂട്ടുനിൽക്കുമായിരുന്നു.അച്ഛനെന്നതിലുപരി ഞാൻ ഒരു സുഹൃത്ത് എന്ന നിലയിലാണ് അച്ഛനെ കണ്ടത്.ഒരു ദിവസം വെയിൽ നാളങ്ങൾ വന്നെത്തിയ അതേ നിമിഷം തന്നെ ശബ്ദം കേട്ടു.

"ഉണ്ണിയെ..." അമ്മയും അമ്മാമ്മയും ഒരുപാട് വഴക്കുണ്ടാക്കിയിട്ടുണ്ട്.

എങ്കിലും അന്ന് ഒരു പാട് കരഞ്ഞത് അമ്മയായിരുന്നു.ആളുകൾ ഒരപാട് കൂടി.അമ്മാമ്മ കുഴിയിലേക്ക്...ആരോ പിച്ചിയെറിയുന്ന ഇതളുകൾ പോലെ ആളുകൾ ഓരോന്നായി

കൊഴിഞ്ഞുകൊണ്ടിരുന്നു.ആ കുടുംബത്തിൽ ഞങ്ങൾ മൂന്നുപേർ മാത്രമായി ഇടക്കിടെ അച്ഛന്റെ വിളിവരാറുണ്ട്.എനിക്കും വയ്യടി.അവിടെ നിന്നു പോരുമ്പോൾ ചെറിയ ഒരുമുട്ടുവേദനയുണ്ടായിരുന്നില്ലേ,ഇന്ന് വല്ലാതെ കൂടിയതു പോലെ.ഈ വാചകം പതിവായിരുന്നു.ഒരു ദിവസം അച്ഛന്റെ ഒരു സുഹൃത്ത് വിളിച്ചു. ഇന്നലെ അച്ഛന് നല്ലപോലെ കാൽ വേദന ഉണ്ടായിരുന്നു.

ഇന്ന് രാവിലെ........

കാൻസർ ആയിരുന്നു എന്നാണ് ഡോക്ടർമാർ പറഞ്ഞത്,മജ്ജയിൽ,അമ്മ ആകെ തളർന്നു.തലചുറ്റി തറയിൽ വീണ അമ്മയെ ആശുപത്രിയിലെത്തിച്ചു.ബോധം തെളിഞ്ഞെങ്കിലും അമ്മ ആ ആശുപത്രി വരാന്തയിലൂടെ കരഞ്ഞുകൊണ്ട് ഓടാൻ തുടങ്ങി.

"ഏട്ടാ എന്നേയും കൂടികൊണ്ടുപോവായിരുന്നില്ലേ ഞാനിവിടെ... എനിക്ക് വയ്യ..."

അമ്മ തൊണ്ടയിടറി നിലനിവിളിക്കാൻ തുടങ്ങി.പുറത്ത് തീർത്താൽ തീരാത്ത പെരുമഴ.ശമനം ഇല്ലാതെ പെയ്തു കൊണ്ടിരിക്കുന്നു. ഒരു പക്ഷേ അമ്മയുടെ കണ്ണീരിന്റെ ഒരു ഭാഗം പോലുമില്ല,ഈ മഴക്ക് എന്ന് എനിക്ക് തോന്നിപോയി... എന്നിട്ടും അച്ഛനെ ഒന്ന് കാണാൻ പോലും കഴിഞ്ഞില്ല.അവിടെ തന്നെ എല്ലാം തീർത്തു...പിറ്റേന്ന് ഞാനമ്മയെ കാണാൻ ചെന്നു.എങ്കിലാ വാതിലുകൾ എനിക്കു മുന്നിൽ തുറന്നില്ല.ഇരുട്ടുമുറിയിൽ അന്ന് അമ്മ തനിച്ചായിരുന്നു.ദിവസങ്ങൾക്കു ശേഷം ഇരുട്ടുമുറിവാതിൽ തുറന്നപ്പോൾ അവിടെ അമ്മയുടെ ചേതനയറ്റ ശരീരത്തിനുചുറ്റും അരിവിതറിയതുപോലെ കട്ടുറുമ്പുകൾ പരതി നടക്കുന്നു. എന്റെ കൈയിൽ നിന്നും ഭസ്മക്കുടം നിലത്തുവീണു.ഇനി രണ്ടു കുടം ചുമന്ന് ഗംഗയിലെത്തിക്കണം എന്നറിഞ്ഞിട്ടാവാം.ഇനി ഞാൻ മാത്രം.ഞാനേയുള്ളുയിവിടെ.നിത്യതയിലെത്താൻ ഇനി ഞാൻ മാത്രം.

# കടങ്കഥ

1. വെളുത്ത സായിപ്പിന് കറുത്ത തൊപ്പി?

ഉ. തീപ്പെട്ടിക്കൊള്ളി

2. വാലുകൊണ്ടു കുട പിടിച്ചു?

ഉ. മയിൽ

3. രണ്ടു കൊമ്പുള്ള കാളയെ പിടിക്കാൻ ചെന്നപ്പം കൊമ്പില്ല?

ഉ. ഒച്ച്

4. പച്ചക്കൊരുകെട്ട്,ചുട്ടാലൊരുകൊട്ട?

ഉ. പപ്പടം

5. മേലെ വീട്ടിലെ മുത്തശ്ശി പൊട്ടിച്ചിരിച്ച് പേടിപ്പിച്ചു?

ഉ. ഇടിവെട്ട്

6. തിന്നില്ല കുടിക്കില്ല, തല്ലാതെ മിണ്ടില്ല?

ഉ. ചെണ്ട

7. ചെപ്പുനിറച്ച് പച്ചയിറച്ചി?

ഉ. കക്ക

8. കാലുപിടിക്കുന്നവനെ സംരക്ഷിക്കുന്നവൻ?

ഉ. കുട

9. എന്റെ കുളത്തിലെ മീനിന് മുള്ളില്ല?

ഉ.നാക്ക്

10. കണ്ടാലൊരുവണ്ടി തൊട്ടാലൊരു ചക്രം?

ഉ. തേരട്ട

11. ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ?

ഉ. കണ്ണ്

12. ആയിരം കിളികൾക്ക് ഒറ്റ കൊക്ക്?

ഉ. വാഴക്കുല

13. ആയിരം തച്ചൻമാർ ചെത്തിയുണ്ടാക്കിയ നഗരത്തിന്റെ പേര്?

ഉ. തേനീച്ചക്കൂട്

14. കുത്തുന്ന കാളയ്ക്ക് പിന്നിൽ കണ്ണ്?

ഉ. സൂചി

15. ചുവന്ന സുന്ദരി കുളിച്ചാൽ കറുത്തുപോകും?

ഉ. തീക്കട്ട

16. ആനയെ തളക്കാൻ തടിയുണ്ട്. കടുക് പൊതിയാനിലയില്ല.

ഉ. പുളി

17. ഇത്തിരി മുറ്റത്ത് അഞ്ച് കാവൽക്കാർ.

ഉ.കൈവിരൽ

18.ഇവിടെ ഞെക്കിയാൽ അവിടെ കത്തും.

ഉ.ഇലക്ട്രിക്ക് ബൾബ്

19.ചെത്തിത്തേച്ച ചുവരിൽ വിരിയും പിച്ചി പൂക്കൾ.

ഉ.നക്ഷത്രങ്ങൾ

20.ഓടും കാലില്ല,പറക്കും ചിറക്കില്ല, കരയും കണ്ണില്ല,അലറും വായില്ല.

ഉ.മേഘം

21.എല്ലാം തിന്നും എല്ലാം ദഹിക്കും, വെള്ളം തിന്നാ ചത്തുപോകും

ഉ.തീ

22.ഇരുട്ടു കോരി വെയിലത്തിട്ടു

ഉ.എള്ള് ഉണക്കാൻ ഇടുക

23.കണ്ടാൽ തീവണ്ടി ,തൊട്ടാൽ ചക്രം

ഉ.തേരട്ട

24.ഒരമ്മ എന്നും വെന്തു നീറും

ഉ.അടുപ്പ്

# ഭൂമിതൻ തേങ്ങൽ



പൊഴിയുന്ന ചുടുകണ്ണീർകണങ്ങൾ
കേൾക്കുന്ന ദീനമാം രോദനം ചുറ്റും
കരിയുന്ന മാമരത്തോപ്പും മരങ്ങളും
എരിയുന്ന ജീവകണങ്ങളും

എവിടെന്റെ വേരുകൾ എവിടെന്റെ ചില്ലകൾ
എവിടെന്റെ പച്ചക്കുടതൻ കുന്നുകൾ
വിണ്ണിൽ അന്ത്യമാം തേങ്ങലുമായി
മണ്ണിന്റെ മാരുതൻ ഓടിമറഞ്ഞു

ഇനിയില്ല തെറ്റുകൾ ഇനിയില്ല പാവമെന്ന
പരാധി മാനവൻ കേണലിയുന്നു
ഇതുകേട്ട വിണ്ണിൻ മനമലിയുന്നു
പൊഴിയുന്നു പൃഥ്വിതൻ ചുടുകണ്ണുനീരും

അമർന്ന ജീവനും എരിഞ്ഞ ജീവിയും
അലറുന്നനന്ദിയെന്നമ്മയോടായി
സ്വന്തം കണ്ണുനീർ തുള്ളിയെ മഴയായ്പ്പൊരിഞ്ഞ
അമ്മേ പ്രകൃതി നമിക്കുന്നു നിന്നെ

ടെൽന തോമസ്

# സൗഹൃദം

ഇളം കാറ്റുപോൽ  കുളിരേകിടും
നറുതേൻ പോൽ  മധുവായിടും
ഈ  നൽസൗഹൃദം
നിത്യം വാണീടും



പനിനീർപോൽ   സുന്ദരം
മണിമുത്തുപോൽ  സുഖകരം
പാട്ടുപോൽ  ഈണമിട്ട്
പുലർത്തീടാം സൗഹൃദം

പരിപാലിക്കാം എന്നും
വളർത്തീടാം  സൗഹൃദം
അരുവികൾപോൽ നദികൾപോൽ
ഒഴുകുന്ന സൗഹൃദം


ആത്മസൗഹൃദം
നിലനിൽപ്പൂ എന്നെന്നും
എന്നെന്നും   എപ്പോഴും
വിജയിപ്പൂ  സൗഹൃദം.

ഫെമിൻ ഷിബു

# എന്റെ കേരളം

**ആമുഖം**

**ഇന്ത്യ പടിഞ്ഞാറെ അറ്റത്തുള്ള ഒരു സംസ്ഥാനമാണ് കേരളം തെക്ക് കിഴക്ക് തമിഴ് നാട് , വടക്ക് കർണാടകം എന്നീ സംസ്ഥാനങ്ങളും പടിഞ്ഞാറ് അറബികടലുമാണ് , 11 മുതൽ 121 വരെ കിലോമീറ്റർ വരെ വീതിയുള്ള കേരളത്തിന്റെ അതിർത്തികൾ . മലയാള ഭാഷ സംസാരിക്കുന്ന ജനങ്ങൾ താമസിക്കുന്നു. പഴയ തിരുവിതാംകൂർ പണ്ടത്തെ കൊച്ചി , പഴയ മദിരാശി സംസ്ഥാനത്തിലെ ഒരു ജില്ലയായിരുന്ന മലബാർ ദക്ഷിണ കന്നഡ ജില്ലയിലെ കാസർഗോഡ് താലൂക്ക് എന്നീ പ്രദേശങ്ങൾ ചേർത്ത് 1956 ലാണ് ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകരിച്ചത് .**




## പ്രധാന വിവരങ്ങൾ

**രൂപീകരണം - 1 നവംബർ 1956**

**തലസ്ഥാനം - തിരുവനന്തപുരം**

**ജില്ലകൾ - 14**

**ഔദ്യോഗിക ഭാഷ - മലയാളം**

**നദികൾ - 44**

## കേരള സംസ്ഥാനത്തിന്റെ ചിഹ്നങ്ങൾ

**മൃഗം - ആന**

**പക്ഷി - മലമുഴക്കി വേഴാമ്പൽ**

**പുഷ്പം - കണിക്കൊന്ന**

**ഫലം - ചക്ക**

**മത്സ്യം - കരിമീൻ**

## ജില്ലകൾ

1. കാസർഗോഡ്
2. കണ്ണൂർ
3. വയനാട്
4. കോഴിക്കോട്
5. മലപ്പുറം
6. പാലക്കാട്
7. തൃശ്ശൂർ
8. എറണാകുളം
9. കോട്ടയം
10. ഇടുക്കി
11. ആലപ്പുഴ
12. പത്തനംതിട്ട
13. കൊല്ലം
14. തിരുവനന്തപുരം

കാർത്തിക്ക്

# ഞാൻ കണ്ട മേഘം

സൂര്യനാം തോഴൻെറ കണ്ണുകൾ കൈകളാൽ

മൂടിയതെന്തു നീ മേഘമേ?

കണ്ണുകൾ പൊത്തിക്കളിച്ചതാണോ?

എന്നെ നോക്കേണ്ടെന്നു ചൊന്നതാണോ?

കർക്കിടകത്തിൽ ഞാൻ കണ്ട നിൻ മുഖം

കൂരിരുട്ടുപോൽ തോന്നിയല്ലോ

ലജ്ജയോടെ മുഖം താഴ്ത്തി പിടിച്ചതോ?

കുറ്റബോധമായ് കണ്ണീർ പൊഴിച്ചതോ?

തുലാമാസ രാത്രിയിൽ അലറി വിളിച്ച നീ

ഭീതിയാലെന്നെ നിറച്ചതെന്തേ?

നിന്റെ അമർഷങ്ങൾ തീർത്തതാണോ?

നിൻ ദുഃഖമെന്നോടു ചൊന്നതാണോ?

പിന്നൊരു വേളയിൽ ശാന്തമായി

എന്നെ തലോടിയുറക്കിയില്ലേ?

ചാറ്റലായ് എൻ നേർക്കു വീണതല്ലേ?

ചാറ്റലായ് എൻ നേർക്കു വീണതല്ലേ?

മുറ്റത്തു പിറകിതോടി വന്നെന്നെ

പൊതിഞ്ഞു കണ്ണീരാൽ നനച്ചതെന്തേ

ഏങ്ങിക്കരച്ചൽ നിറുത്തി പിന്നെ

വെയിലിനോടൊത്തു ചിരിച്ചതില്ലേ?



കൃഷ്ണലയ എം.പി




# അഭിനന്ദനങ്ങൾ

സംസ്ഥാനതല കാമ്പിലേക്ക് പാലക്കാട് ജില്ലയിൽ നിന്ന് പ്രോഗ്രാമിംങ്ങിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മെൽവിൻ ജോസഫ് ഹെഡ്മിസ്ട്രസ്സിൽ നിന്നും സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു.കൈറ്റ്സ് യൂണിറ്റിന്റെ അഭിനന്ദനങ്ങൾ..............

# ഓണച്ചൊല്ലുകൾ

1. കാണം വിറ്റും ഓണം ഉണ്ണണം.

2. ഉള്ളതുകൊണ്ട് ഓണം പോലെ.

3. ഓണം മുഴക്കോലുപോലെ.

4. തിരുവോണം തിരുതകൃതി.

5. ഓണത്തപ്പ കുടവയറാ എന്നു തീരും തിരുവോണം.

6. ഓണോട്ടൻ വിതച്ചാൽ ഓണത്തിനരി പുത്തരി.

7. അത്തം കറുത്താൽ ഓണം വെളുക്കും.

8. ഓണം പിറന്നാലും ഉണ്ണിപിറന്നാലും കോരന് കുമ്പിളിൽ തന്നെ കഞ്ഞി.

9. ഓണം കഴിഞ്ഞാൽ ഓണപ്പുര ഓലപ്പുര.

10. ഓണത്തിനിടക്കാണൊ പൂട്ടുക്കച്ചവടം.

11. കിട്ടുമ്പോൾ തിരുവോണം കിട്ടാഞ്ഞാൽ ഏകാദേശി.

അപർണ്ണ

# ഉദ്ധരണികൾ

1"കള്ളം,പച്ചകള്ളം,സ്ഥിതിവിവരകണക്കുകൾ എന്നിങ്ങനെ മൂന്നുതരം  കള്ളങ്ങളുണ്ട്."

-ബഞ്ചമിൻ ഡിസ്റേലി

2 "ഒരിക്കലും തെറ്റുവരുത്താത്തവർ ഒരിക്കൽപോലും പുതിയൊരു കാര്യത്തിനായി പരിശ്രമിക്കാത്തവരാണ്."

-ആൽബർട്ട് ഐൻസ്റ്റെൻ

3"ആകാശത്തിൽ രണ്ടു സൂര്യന്മാർക്ക് സ്ഥലമില്ല."

-ചിയാങ്ങ് കൈഷക്

4"മറ്റുള്ളവരുടെ നന്മ വിളിച്ചു പറയുന്നവർ തന്നിലുള്ള നന്മയും  അറിയിക്കുകയാണ്."

- എബ്രഹാം ലിങ്കൺ

5"കാളയെപ്പോലെ അദ്ധ്വനിക്കുകയും മുനിയെപോലെ ജീവിക്കുകയും ചെയ്യുക."

-ഡോ.ബി.ആർ.അംബേദ്കർ

6"മടി വിഡ്ഢികളുടെ ഒഴിവുദിനമാണ്."

-ചെസ്റ്റർ ഫീൽഡ്

7"അധികാരം ദുഷിപ്പിക്കും,പരമാധികാരം പരമമായി ദുഷിപ്പിക്കും."

-ലോഡ് ആക്ടൽ

8"സ്വരാജ്യം എന്റെ ജന്മാവകാശമാണ്."

-ബാലഗംഗാധരതിലകൻ


9"നിങ്ങൾ ഒരു ഭാരതീയനാണ് എന്നതിൽ അഭിമാനിക്കുക.ഞാൻ ഭാരതീയനാണ്.ഓരോ ഭാരതീയനും എന്റെ സഹോദരനാണ് എന്ന് അഭിമാനപുരസ്സരം അവകാശപ്പെടുക."

-സ്വാമി വിവേകാനന്ദൻ

ടെസ്സ തോമസ്

# എൻെ മരം

ദൈവം തന്ന വരമാണ് മരം
ഭൂമിതൻ സ്വന്തം മരം
എനിക്ക് ശ്വാസവായു തരും
എന്റെ സ്വന്തം മരം



തണൽ തരുന്ന കുട മരം
പ്രകൃതി തന്ന വരമാണ് മരം
മഴതരുന്ന മലരാണ് മരം
എന്റെ സ്വന്തം സുഹൃത്ത് മരം

പച്ചപൂങ്കുട ചൂടി നിൽക്കും
എന്റെ സ്വന്തം നെല്ലിമരം
ഭൂമിക്ക് തണലാകും
എന്റെ സ്വന്തം നെല്ലിമരം

സൂര്യനു മുമ്പിൽ തലയുയർത്തി നിൽക്കും
എന്റെ സ്വന്തം നെല്ലിമരം
എന്നെ കണ്ടാൽ ചിരിതൂകും
എന്റെ സ്വന്തം നെല്ലിമരം

ശിഖരങ്ങളിൽ വിരുന്നുവരും
കാക്കയും മൈനയും പച്ചപന്തത്തയും
എൻ ജീവിതം പൂവണിഞ്ഞോട്ടെ
ഈ ഭുവനം കുളിരണിഞ്ഞോട്ടെ.

സ്വപ്ന തോമസ്

# മഴയെ ഓർക്കുന്നില്ലേ

**മാനത്തുനിന്നു പതിക്കുന്ന മാരിയിൽ**

**നിന്നു നീ കുളിച്ചത് ഓർമ്മയില്ലേ......**

**ഭൂമിയിലേക്ക് ഇറ്റിറ്റു വീഴുന്ന**

**മഴയുടെ സ്വരരാഗം കേട്ടു നീ  കളിച്ചതും**

**ഓർമ്മയില്ലേ..................**

**പുതുമഴ വന്നപ്പോൾ തുള്ളികളെ നീ**

**തട്ടിക്കളിച്ചതും ഓർമ്മയില്ലേ........**

**മുറ്റത്തുവെള്ളം നിറഞ്ഞപ്പോൾ**

**കളിത്തോണി ഒഴുക്കിയതും ഓർമ്മയില്ലേ.....**

**ഇന്നുനീ കാണുന്ന സ്വപ്നതീര-**

**ങ്ങളിൽ മഴയുടെ ചാഞ്ചാട്ടം അറിയുന്നില്ലേ....**



# പ്രദുർഭവിക്കുന്ന പ്രകൃതി

പ്രകൃതിയോടതാ ഞാൻ കേൾപൂ
എന്തിനു നീ എന്നോടു പിണങ്ങുന്നു
അന്നാദ്യമായി ഞാൻ കണ്ട കിനാവിൽ
നീ തിളങ്ങി നിക്കവേ......

വിയത്തിൽ കണ്ടോരാ ദൃശ്യമെന്നെ
ഈ ലോകം ഒന്നായി വിഴുങ്ങവേ
ഈ ലോകജീവിതത്തിൻ വിശ്രാന്തി
ഞാൻ തേടവേ
വിയത്തിൽ ഉഡുപംക്തി തിളങ്ങി നിൽക്കവേ

എന്തിനു നീ എനിക്കീ കാഴ്ച കാണിപൂ
ഇരുട്ടിൽ എനിക്കു നീ പ്രകാശം നൽകവേ
എന്റെ മനസ്സിൽ പ്രകൃതിതൻ
ചിന്തകൾ മെട്ടിട്ടുണരുന്നിതാ..........

അജൻ എനിക്കായി തന്നൊരാ ഈ ജീവിതത്തെ
എന്നും ഞാൻ ഓർക്കവേ.........
നന്ദി പറയുന്നിതാ അജൻതൻ
കലാ സൃഷ്ടികൾ....... സൃഷ്ടികൾ........

# ഓണത്തിന്റെ നിഘണ്ടു

അത്തപ്പൂവിടൽ-ഓണത്തിന്റെ പത്തു ദിവസം മുമ്പ് കളം വരച്ച് പൂവിടും.

ആവണി മാസം-ചിങ്ങമാസം.

ഉത്രാടപാച്ചിൽ-ഓണസദ്യ ഒരുക്കാനുള്ള തിക്കും തിരക്കും.

ഓണക്കളികൾ- ഓണത്തിന് കളിക്കുന്ന കളികൾ.

ഓണക്കിളി- മഞ്ഞച്ചിറകുള്ള ഒരു പക്ഷി.

ഓണത്തപ്പൻ -മഹാബലി.

ഓണത്തുമ്പി-മഞ്ഞചിറകുള്ള ഒരിനം തുമ്പി.

ഓണപ്പൂവ്-തുമ്പ,മുക്കുറ്റി തുടങ്ങിയ ചെറിയ നാടൻപൂക്കൾ.

ഓണപ്പൊട്ടൻ-ഓണത്തിന് വീടുകളിൽ കയറി ഇറങ്ങുന്ന ഒരു വിനോദവേഷം.

ഓണമുണ്ണുക-ഓണസദ്യ ഉണ്ണുക.

ഓണംകേറമൂല-പരിഷ്കാരം എത്തി ചേർന്നിട്ടില്ലാത്ത സ്ഥലം.

അപർണ്ണ



# നന്ദി.....